(സി) 2010-11-ൽ സർക്കാർ വകുപ്പുകൾവഴി നടപ്പിലാക്കുന്ന മൊത്തം പദ്ധതി വിഹിതത്തിന്റെ 4.5% സ്ത്രീകൾമാത്രം ഗുണഭോക്താക്കളായ സ്കീമുകൾക്ക് മാറ്റിവച്ചിട്ടുണ്ട്.

ശമ്പള കമ്മീഷൻ റിപ്പോർട്ട്

95 (2573) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശമ്പളകമ്മീഷൻ റിപ്പോർട്ടിൽ റവന്യൂ വകുപ്പിലെ ഡെപ്യൂട്ടി കളക്ടർ മുതൽ വില്ലേജ് ഓഫീസർ വരെയുള്ള തസ്തികകളുടെ ശമ്പളം സമാന തസ്തികക്ക് ശുപാർശ ചെയ്ത സ്കെയിലുകളേക്കാൾ താഴ്ന്നതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) എങ്കിൽ അവരുടെ വേതന നിരക്കുകൾ ഉയർത്തുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ;

(സി) ജോലിഭാരം കൂടുതലുള്ളതും അടിയന്തര ഘട്ടങ്ങളിൽ കഠിനാദ്ധ്വാനം ചെയ്യേണ്ടതുമായ റവന്യൂ വകുപ്പിലെ ജീവനക്കാർക്ക് സ്പെഷ്യൽ പേ അനുവദിക്കുമോ ?

(ഡി) പഞ്ചായത്തു സെക്രട്ടറി ഗസറ്റഡ് തസ്തികയാക്കി മാറ്റിയതുപോലെ കൂടുതൽ ജോലിഭാരമുള്ള വില്ലേജ് ഓഫീസർ തസ്തികക്കും ഗസറ്റഡ് പദവി നൽകുമോ ?

ഉത്തരം

(എ-ഡി) ശമ്പള കമ്മീഷൻ റിപ്പോർട്ട് മന്ത്രിസഭ ഉപസമിതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ധനകാര്യവകുപ്പ് പരിശോധിച്ചുകൊണ്ടിരിക്കുന്നതേയുള്ളൂ. ആയതിനാൽ ഇപ്പോൾ ഈ ചോദ്യങ്ങൾക്ക് പ്രസക്തിയില്ല.

ശമ്പള പരിഷ്കരണ ശുപാർശകൾ

96 (T 2574) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ ശമ്പള പരിഷ്ക്കരണ ശുപാർശകൾ പ്രകാരം പോലീസ്, ഫയർഫോഴ്സ്, എക്സൈസ് തുടങ്ങിയ വകുപ്പുകളിലെ സമാന തസ്തികകളിലെശമ്പളം ഏകീകരിച്ചപ്പോൾ വനസംരക്ഷണ സേനയിലെ അംഗങ്ങളെ ശമ്പള കമ്മീഷൻ അവഗണിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 9-ാം ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് മന്ത്രിസഭാ ഉപസമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചുവരുന്നതിനാൽ ചോദ്യം പ്രസക്തമല്ല.

'T' മാറ്റിവെച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly